പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1006 30.01.2019-ൽ മറുപടിക്ക്

# അസംഘടിത തൊഴിലാളികൾക്കുള്ള പെൻഷൻ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. മുരളീധരൻ | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) വിവിധ അസംഘടിത മേഖലകളിലെ തൊഴിലാളികൾക്ക് പെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ ; | (എ) അസംഘടിത മേഖലകളിലെ തൊഴിലാളികൾക്ക് വേണ്ടി രൂപീകരിച്ച കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതി പ്രകാരമുള്ള റിട്ടയർമെന്റ് പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, എന്നിവ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br>1. റിട്ടയർമെന്റ് പെൻഷൻ:- 60 വയസ്സ് പൂർത്തിയാക്കി പദ്ധതിയിൽ നിന്ന് റിട്ടയർ ചെയ്യുന്ന അംഗത്തിന് ഇന്ദിരാഗാന്ധി നാഷണൽ ഓൾഡ് ഏജ് പെൻഷൻ സ്കീം പ്രകാരം കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പെൻഷൻ തുക (നിലവിൽ 1100/- രൂപ) നൽകി വരുന്നു.<br>2. കുടുംബ പെൻഷൻ:- പദ്ധതിയിൽ കുറഞ്ഞത് 10 വർഷം അംശദായം അടച്ച് പെൻഷന് അർഹനായ അംഗം മരണമടഞ്ഞാൽ അയാളുടെ കുടുംബത്തിന് പ്രതിമാസം 300 രൂപ ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.<br>3. അവശതാ പെൻഷൻ :- പദ്ധതിയിൽ കുറഞ്ഞത് 5 വർഷം തുടർച്ചയായി അംശദായം ഒടുക്കിയ അംഗത്തിന് അപകടംമൂലം ജോലി ചെയ്യാൻ കഴിയാത്ത അവസ്ഥ ഉണ്ടാകുന്ന പക്ഷം സ്ഥിരവും പൂർണ്ണവുമായ ശാരീരിക അവശത 50%ത്തിന് മുകളിലാണെങ്കിൽ മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അവശതാ പെൻഷനായി പ്രതിമാസം 1100 രൂപ നൽകുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | ഈ സർക്കാർ അസംഘടിത മേഖലകളിൽ നിന്നും വിരമിച്ച തൊഴിലാളികൾക്ക് എത്ര രൂപയാണ് പെൻഷൻ ആയി വിതരണം ചെയ്തിട്ടുള്ളത്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ; | (ബി) | അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് വഴി വിതരണം ചെയ്ത പെൻഷൻ തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. |

| | |
|---|---|
| തിരുവനന്തപുരം | 45,49,600 |
| കൊല്ലം | 21,34,000 |
| പത്തനംതിട്ട | 8,40,400 |
| ആലപ്പുഴ | 16,58,800 |
| കോട്ടയം | 12,98,000 |
| ഇടുക്കി | 2,33,200 |
| എറണാകുളം | 9,72,400 |
| തൃശ്ശൂർ | 3,96,000 |
| പാലക്കാട് | 11,83,600 |
| മലപ്പുറം | 5,76,400 |
| കോഴിക്കോട് | 16,06,000 |
| വയനാട് | 2,11,200 |
| കണ്ണൂർ | 7,52,400 |
| കാസർഗോഡ് | 4,09,200 |

| | | | |
|---|---|---|---|
| (സി) | അർഹതപ്പെട്ട പലർക്കും ഈ പെൻഷൻ ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | പദ്ധതിയുടെ ഏകീകരണവുമായി ബന്ധപ്പെട്ട് നിലനിന്നിരുന്ന നിയമപരവും സാങ്കേതികവുമായ തടസ്സങ്ങൾ അപേക്ഷകളിൽ യഥാസമയം തീർപ്പ് കൽപ്പിക്കുന്നതിന് കാലതാമസം വരുത്തിയിട്ടുണ്ട്. എന്നാൽ മതിയായ രേഖകൾ ഹാജരാക്കി പെൻഷൻ അപേക്ഷ സമർപ്പിച്ചവരിൽ അർഹരായവർക്ക് പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ